കോളറ ബാധ തടയുന്നതിന് നടപടി

137(879)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളറബാധ ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) കോളറ ബാധിച്ച് കേരളത്തിൽ 1999-2000 വർഷം എത്ര പേർ മരിച്ചു; എത്ര പേർക്ക് ചികിത്സ നൽകി എന്ന് വ്യക്തമാക്കുമോ;

(സി) കോളറ ബാധിത ജില്ലയായി ഏതെങ്കിലും ജില്ല പ്രഖ്യാപിച്ചിരുന്നുവോ;

(ഡി) എങ്കിൽ ആ ജില്ലയിൽ ഗവണ്മെന്റ് എന്തെല്ലാം സഹായങ്ങൾ നൽകി എന്ന് വ്യക്തമാക്കുമോ;

(ഇ) കോളറ ബാധിത ജില്ലയായി പ്രഖ്യാപിച്ച കോട്ടയത്തിന് 10 കോടി രൂപ അടിയന്തിര സഹായമായി നൽകണമെന്ന് ജനപ്രതിനിധികളുടെ യോഗത്തിൽ ശുപാർശ ലഭിച്ചിട്ടുണ്ടോ;

(എഫ്)എങ്കിൽ എന്തു തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുടിവെള്ളം തിളപ്പിച്ചും, ശുദ്ധീകരിച്ചും ഉപയോഗിക്കുക, ആഹാരസാധനങ്ങൾ പാകം ചെയ്ത് രോഗബാധ ഉണ്ടാക്കാതെ അടച്ചുവച്ച് ഉപയോഗിക്കുക, എന്നിവ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടി സ്വീകരിച്ചു. ആരോഗ്യവകുപ്പ് തലത്തിൽ മെഡിക്കൽ ഓഫീസർമാരുടെയും സൂപ്പർവൈസർമാരുടെയും മീറ്റിംഗുകൾ സംഘടിപ്പിച്ച് പ്രതിരോധ നടപടികൾക്ക് രൂപം നൽകി, കുടിവെള്ള ശുചീകരണത്തിനായി ക്ളോറിനേഷൻ നടത്തി ഒ.ആർ.ടി. കോർണറുകൾ ആരംഭിക്കുകയും ഒ.ആർ.എസ്. പായ്ക്കറ്റുകൾ വിതരണം നടത്തി. കൂടാതെ ബോധവൽക്കരണ ക്ളാസ്സുകൾ നടത്തുകയും വാട്ടർ ടെസ്റ്റിംഗ് ബോട്ടിലുകൾ വിതരണം നടത്തുകയും ചെയ്തു. ആവശ്യമായ മരുന്നുകളും, ഐ.ഇ. ഫ്ളൂയിഡുകളും ആവശ്യമായ എല്ലാ ആശുപത്രികളിലും ലഭ്യമാക്കി. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ചർച്ചകൾ നടത്തി ആശുപത്രികളിലും ലാബറട്ടറികളിലും കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുവാനും ലാബറട്ടറി ഉപകരണങ്ങൾ വാങ്ങാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി. മൊബൈൽ യൂണിറ്റുകൾ രൂപീകരിക്കുകയും, സ്കാഡുകളെ നിയോഗിക്കുകയും ചെയ്തു.

(ബി) 2.1.2000 മുതൽ 15.2.2000 വരെയുള്ള കാലയളവിൽ വയറിളക്കം രോഗബാധ മൂലം 9 പേർ മരണമടഞ്ഞു. വയറിളക്കരോഗം ബാധിച്ച് 912 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

(സി) കോട്ടയം ജില്ലയിലെ കുമരകം, കറുകച്ചാൽ, വൈക്കം എന്നീ ഭാഗങ്ങളെയാണ് വയറിളക്കരോഗ ബാധിത മേഖലയായി പ്രഖ്യാപിച്ചത്.

(ഡി) ഛർദ്ദി, അതിസാരം, രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്കായി സർക്കാർ 25 ലക്ഷം രൂപ അനുവദിച്ചു.

(ഇ)&(എഫ്) ശുപാർശകൾ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly